



**ഒരു പെരുന്നാൾ സന്ദേശം**

# ബക്രീദ് – അഥവാ ബലിപ്പെരുന്നാൾ

**സുധീർ പണിക്കവീട്ടിൽ**

ഇസ്ലാം മതവിശ്വാസികൾ ലോകമെമ്പാടും ആഘോഷിക്കുന്ന പെരുന്നാളാണു, ബക്രീദ് അഥവാ ഈദ് അൽ അദാ. ഈ കാലഘട്ടത്തിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. അത് മാനവരാശിക്ക് മഹത്തായ ഒരു സന്ദേശം പകരുന്നു. ഈശ്വരപ്രീതിക്ക് വേണ്ടി മനുഷ്യരെ ബലി കഴിക്കരുത്. അള്ളാഹു തന്നെ അത് ഇബ്രാഹിം പ്രവാചകനു വെളിപ്പെടുത്തികൊടുത്തിരിക്കുന്നു. പ്രവാചകനായ ഇബ്രാഹിമിനോട് അള്ളാഹു സ്വപനത്തിൽ ഒരു കാര്യം ആവശ്യപ്പെടുന്നു. നിനക്ക് ഏറ്റവും പ്രിയങ്കരമായത് എനിക്കായി ത്യാഗം ചെയ്യുക. ഇബ്രാഹിം തന്റെ പതിമൂന്നു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന മകനെ ബലി കഴിക്കാൻ തീരുമാനിക്കുന്നു. മകന്റെ പേരു ഖുറാനിൽ ഇല്ലെങ്കിലും അത് ഇസ്മെയിൽ ആണെന്നു കരുതപ്പെടുന്നു. ഇതിനു സമാന്തരമായി ബൈബിളിൽ കൊടുത്തിരിക്കുന്ന ഇതേപോലുള്ള സംഭവത്തിൽ എബ്രാഹാമിന്റെ മകനായ ഐസക്കിനെ ബലി കഴിക്കാൻ കൊണ്ടുപോയി എന്നു കാണുന്നു. ഈശ്വരേച്ഛ നിറവേറ്റുന്നതിനായി ഇബ്രാഹിം ദ്രുഢനിശ്ചയം ചെയ്തതായി മനസ്സിലാക്കിയ ഇബ്ലീസ് ആ ഉദ്യമത്തിൽ നിന്നും ഇബ്രാഹിം പ്രവാചകനെ പിന്തിരിക്കാൻ ശ്രമിക്കുന്നുണ്ട്. ഇബ്രാഹിം സാത്താനെ കല്ലെറിഞ്ഞ് ഓടിച്ച്കൊണ്ടിരുന്നു. ഇതിന്റെ ഓർമ്മക്കായി ഹജ്ജിനു പോകുന്നവർ പിശാചിനെ കല്ലെറിയുക എന്ന കർമ്മം അനുഷ്ഠിക്കുന്നു.

സാത്താൻെറ പരീക്ഷണങ്ങളിൽ പതറാതെ ഇബ്രാഹിം തൻെറ  മകനെ യാഗപീഠത്തിൽ കിടത്തി അവൻെറ കഴുത്തിനു  നേരെ കത്തിയോങ്ങിയെങ്കിലും ബലി നടന്നില്ല. അള്ളാഹുവിൻെറ സ്വരം അവൻ കേട്ടു. നീ എന്നിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിൽ ഞാൻ സന്തുഷ്ടനാണു. മകനു പകരം ഒരാട് അവിടെ ബലി കഴിക്കപ്പെട്ടു. ഇങ്ങനെ ബലികഴിക്കപ്പെടുന്ന ആടിൻെറ മാംസം മൂന്നായി ഭാഗിക്കുന്നു. ബലി കഴിച്ചവർക്ക് ഒരു ഭാഗം, മറ്റേ ഭാഗം  ബന്ധുമിത്രാദികൾക്ക്  അവസാന ഭാഗം പാവങ്ങൾക്ക്. ഇസ്ലാം കലണ്ടരിലെ അവസാനത്തെ മാസമായ ദുഅൽ ഹിജ്ജിലെ എട്ടു, ഒമ്പത്,പത്തു എന്നീ ദിവസങ്ങളിലാണു മുസ്ലീം തീർത്ഥാടകർ ഹജ്ജ് അനുഷ്ഠിക്കുന്നത്. ഇതിൽ ഒമ്പതാമത്തെ  ദിവസമാണു അരാഫത് ദിവസം. ഇതു തീർത്താടകരെ സമ്പത്തിച്ചേടത്തോളം  വളരെ പ്രധാനപ്പെട്ട ദിവസമാണു. ഹജ്ജിനു പോയി മെക്കയിൽ തങ്ങിയെന്നതിൻെറ എല്ലാം ഗുണവും അരാഫത് ദിവ്സം നഷ്ടപ്പെടുത്തിയാൽ പോകും. ഈ സ്ഥലത്തിനെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ ധാരാളമാണു. പറുദീസ നഷ്ടപ്പെട്ട ആദാമും, ഹവ്വയും ഭൂമിയിലേക്ക് എത്തിയത് വ്യതസ്ഥ സ്ഥലങ്ങളിൽ ആയിരുന്നെങ്കിലും അവർ ഇവിടെ വച്ച് കണ്ടുമുട്ടിയത്രെ. കൂടാതെ മകനെ ബലിയർപ്പിക്കാൻ കത്തിയുമായി നിന്ന ഇബ്ര്ഹാഹിം പ്രവചകൻെറയടുത്ത് ഗബ്രിയേൽ മാലാഖ വന്നു ഹജ്ജ് എങ്ങ അനുഷ്ഠിക്കേണ്ടത്  എന്നു വിവരിച്ച് കൊടുക്കുകയും അദ്ദേഹത്തെ അവിടെയെല്ലം പരിചപ്പെടുത്തുകയും ചെയ്തുവെന്നും ഓരോ അനുഷ്ഠാനങ്ങളും പറഞ്ഞ്കൊടുക്കുമ്പോൾ മാലാഖ ചോദിക്കുമത്രെ "അ രാഫ്ത്" (നിനക്ക് മനസ്സിലായോ, നീ പഠിച്ചോ) അപ്പോഴെല്ലാം ഇബ്രാഹിം പ്രവാചകൻ മറുപടി പറയും "അരാഫ്ട്" ഞാൻ പഠിച്ചു. അതുകൊണ്ട് ആ സ്ഥലത്തിനു അരാഫ – പഠിക്കണം, അറിയണമെന്നർത്ഥം വരുന്ന പേരു വന്നുവത്രെ. ഹജ്ജിനു പോയവർ പത്താം ദിവസം അരാഫത് പർവ്വതത്തിൽ നിന്നും ഇറങ്ങുന്നതോടെ ബക്രീദ് ആരംഭിക്കുകയായി. അത് പന്ത്രണ്ടാം ദിവസം സൂര്യസ്തമയത്തോടെ അവസാനിക്കുന്നു. ഒമ്പതാം ദിവസം മുതൽ പതിമൂന്നാം ദിവസം വരെ താഴെ പറയുന്ന തക്ബീർ ഉറക്കെ ചൊല്ലുന്നു. ഉരുവിടുന്നു.  അള്ളാഹു അക്ബർ, അള്ളാഹു അക്ബർ, ല ഇലാഹ ഇല്ല–അള്ള, വ അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, വലില്ലാഹി എൽ ഹംദു, അല്ലാഹു വലിയവനാകുന്നു, വലിയവനാകുന്നു, അല്ലാഹുവല്ലാതെ വേറെ ദൈവമില്ല, അല്ലാഹു വലിയവനാകുന്നു, വലിയവനാകുന്നു, എല്ലാ സ്തുതിയും അവനു മാത്രം.

ദൈവവും ബലിയും മതഗ്രന്ഥ പ്രകാരം മനുഷ്യരുടെ തുടക്കം മുതലെ ആരംഭിച്ചിരിക്കുന്നത് കാണാം. കയിനും ആബേലും ദൈ വത്തിനു നേർച്ച കാഴ്ച്ച വച്ചപ്പോൾ ഹാബീലിൻെറ നേർച്ച ദൈവം സ്വീകരിച്ചു എന്നാൽ കയിൻെറ  നേർച്ചയിൽ പ്രസാദിച്ചില്ല. കയിൻ  നേർച്ചയായി കാണിക്ക വച്ചത് ക്രുഷി ഉൽപ്പന്നങ്ങളായിരുന്നു. ദൈവം ഇഷ്ടപ്പെട്ടിരുന്നത് മ്രുഗങ്ങളുടെ ജീവനും ചോരയുമാണെന്നു ഇതു കാണിക്കുന്നു. അതേസമയം ദൈവത്തിൻെറ ആ വിവേചനം അസൂയ ജനിപ്പിക്കുകയും സഹോദരൻ സ്വന്തം സഹോദരനെ കൊന്നു ഭൂമി ആദ്യമായി മനുഷ്യരക്തത്തിൽ അഭിഷിക്തയാകുകയും ചെയ്തു. ഇവിടെ ദൈവത്തിൻെറ ശാപവചനങ്ങൾ ശ്രദ്ധിക്കുക.( ഉത്പ്പത്തി 3:17,18) മനുഷ്യനോട് കൽപ്പിച്ചതോ,നീ നിൻെറ ഭാര്യയുടെ  വാക്കു അനുസരിക്കയും തിന്നരുതെന്നു ഞാൻ കൽപ്പിച്ച വ്രുക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിൻെറ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിൻെറ ആയുഷ്കാലമൊക്കേയും നീ കഷ്ടതയോടെ അതിൽനിന്നും അഹോവ്രുത്തി കഴിക്കും.മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നു മുളയ്ക്കും. വയലിലെ സസ്യം നിനക്ക് ആഹാരമാകും. ഒരു പക്ഷെ കയിൻ കാഴ്ച്ച വച്ചതിൽ മുള്ളും പറക്കാരയും ഉണ്ടായിരുന്നിരിക്കാം.

അതിനു ശേഷമാണു മനുഷ്യബലിയെന്ന പരീക്ഷണത്തിനു ഇബ്രാഹിം പ്രവാചകൻ വിധേയനാകുന്നത്.  ഇവിടെ ദൈവം തൻെറ മാലാഖയായി ഗബ്രിയേലിനെ അയച്ച് ആ സാഹസത്തിൽ നിന്നും ഇബ്രാഹിമിനെ രക്ഷിക്കുന്നു. "കൊല്ലരുതെന്നു" പത്തു കൽപ്പനയിൽ അനുശാസിക്കുന്ന ദിഅവം മനുഷ്യരെ കൊല്ലാൻ ഒരിക്കലും പറയുകയില്ലെന്നു തെളിവാണീ സംഭവം പഠിപ്പിക്കുന്നത്.  ബലിയർപ്പിക്കപെടുന്ന മ്രുഗങ്ങളുടെ ചോരയും മാംസവുമല്ല അല്ലാഹുവിൽ എത്തുന്നത് മറിച്ച് മനുഷ്യരുടെ ദൈവ ഭക്തിയാണെന്നു ദൈവം നമ്മെ മനസ്സിലാക്കിപ്പിക്കുന്നു.

ഈദ് അൽ അദാ ആഘോഷിക്കാൻ വർഷത്തിലൊരിക്കൽ എല്ലാം ഇസ്ലാംമത വിശ്വാസികളും ഒരു മ്രുഗത്തെ കൊല്ലുന്നു. അതിലൂടെ ഇബ്രാഹിമിൻെറ ത്യാഗത്തേയും അവരുടെ സ്വയം ത്യാഗത്തേയും അവർ ഓർമ്മിക്കുന്നു. ദൈവഹിതത്തിനോ, ദൈവകൽപ്പനക്കോ മനുഷ്യൻ പൂർണ്ണമായി

അനുസരണയുള്ളവനായിരിക്കണം, സമർപ്പണം നടത്തണം. വ്യക്തിപരമായി മോഹങ്ങളും, കുടും ബത്തിനോടും കുട്ടികളോടുമുള്ള സ്നേഹം പോലും ദൈവത്തിനു വേണ്ടി ത്യജിക്കാൻ തയാറാകണം, ഇതാണു ബക്രീദ് എന്ന ആഘോഷം ഉദ്ബോധിപ്പിക്കുന്നത്. സ്വന്തം ആഗ്രഹങ്ങൾ ബലി കഴിച്ച്, വെറുപ്പ്, വിദ്വേഷം, അഹങ്കാരം, ദുരാഗ്രഹം എന്നിവ വെടിഞ്ഞ് ഈ ലോകത്തെ സ്നേഹിക്കാൻ മനുഷ്യർ തയ്യാറാകണം.

ജന്തുക്കളെ ഹിംസിക്കരുത് എന്നു വാദിക്കുന്ന ഒരു വിഭാഗം ബക്രീദ് ദിവസം കൊല്ലപ്പെടുന്ന മ്രുഗങ്ങളെ ഓർത്ത് സങ്കടപ്പെടുന്നത് സ്വാഭാവികം. അതേസമയം ദൈവം പലപ്പോഴായി മനുഷ്യന്റെ ആവശ്യാനുസരണം അവന്റെ ആഹാരരീതികൾക്ക് മാറ്റം വരുത്തുന്നതായി കാണാം.ഉൽപ്പത്തി ഒന്നാം അദ്ധ്യായം 29ൽ ഇങ്ങനെ കാണുന്നു. ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വ്രുക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവ്രുക്ഷങ്ങളും ഇതാ,ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു, അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ. പ്രളയത്തിനു ശേഷം നോഹയോട് ദൈവം പറയുന്നത് ഃ ഉൽപ്പത്തി 9:3 4 ഭൂചരജന്തുക്കളൊക്കെയും നിങ്ങൾക്ക് ആഹാരം ആയിരിക്കട്ടെ; പച്ച സസ്യം പോലെ ഞാൻ സകലതും നിങ്ങൾക്ക് തന്നിരിക്കുന്നു. പ്രാണനായിരിക്കുന്ന രക്തത്തോടുകൂടെ മാത്രം നിങ്ങൾ മാംസം തിന്നരുത്. ഒരു പക്ഷെ പ്രളയത്തിൽ സസ്യ-ഫല-മൂലാദികൾ എല്ലാം നശിച്ച് പോയിരുന്നിരിക്കാം.

കുരുതിയും രക്തവും നൽകി ദൈവത്തെ പ്രീതിപ്പെടുത്തുന്ന ഒരു സമ്പ്രദായം ജൂതന്മാരിലെന്നപോലെ മറ്റു വിഭാഗങ്ങളിലുമുണ്ടായിരുന്നു. ഒരാളുടെ പാപം മറ്റൊരാളുടെ രക്തത്തിലൂടെ കഴുകി കളയുന്ന ഏർപ്പാടു ഇസ്ലാംമത വിശ്വാസികളിൽ ഉണ്ടായിരുന്നില്ല. കോപിഷ്ടനായ ദൈവത്തെ ശമിപ്പിക്കാൻ ഇസ്ലാം മതത്തിൽ വ്യക്തിപരമായ ത്യാഗവും സമ്പൂർണ്ണ സമർപ്പണവുമാണു വേണ്ടതെന്നു വിശ്വസിക്കുമ്പോൾ മതത്തിന്റെ തണൽ ചാരി ഇന്നു തീവ്രവാദികൾ നടത്തുന്ന ക്രൂരതകൾക്കെതിരെ ശരിയായ ഇസ്ലാംവിശ്വാസികൾ കൂടി പ്രതികരിക്കേണ്ടതുണ്ട്. വിശുദ്ധ ഗ്രന്ഥങ്ങളിൽ എഴുതി വച്ചിരിക്കുനത് എന്താണെന്നു വിശദീകരിച്ച് കൊടുക്കാൻ പണ്ഡിതന്മാർ തയ്യാറാകണം. ബക്രീദ് അല്ലെങ്കിൽ ഈദ് അൽ അദാ (ത്യാഗത്തിന്റെ ആഘോഷം) എന്ന ആഘോഷം വളരെ സുതാര്യതയോടെ മാനവരാശിയെ പഠിപ്പിക്കുന്നു. മനുഷ്യബലി ദൈവം ഇഷ്ടപ്പെടുന്നില്ല. ദൈവത്തെ പ്രീതിപ്പെടുത്താൻ നിരപരാധികളായ മനുഷ്യരെ കൊല്ലുന്നത് പാപമാണു.

**അല്ലാഹു അക്ബർ**